# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം : * 209

09-12-2014ൽ മറുപടിക്ക്

### വൈദ്യുതിബിൽ ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം

ചോദ്യം

ശ്രീ. റ്റി.എൻ. പ്രതാപൻ
'' വി.ഡി.സതീശൻ
'' എ.റ്റി.ജോർജ്ജ്
'' പി.എ.മാധവൻ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്.
(ഊർജ്ജ വകുപ്പ് മന്ത്രി.)

| ചോദ്യം | ഉത്തരം |
|---|---|
| (എ) വൈദ്യുതി ബിൽ ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്ന സംവിധാനം 06.07.2011 മുതൽ നിലവിലുണ്ട്. എച്ച്.റ്റി/ഇ.എച്ച്.റ്റി വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കൾക്കാണ് ഈ സംവിധാനം തുടക്കത്തിൽ ലഭ്യമാക്കിയത്. വൈദ്യുതിബോർഡിലെ മുഴുവൻ വൈദ്യുതി ഉപഭോക്താക്കൾക്കും വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം 23.04.2013 മുതൽ ലഭ്യമാക്കിയിട്ടുണ്ട്. ഉപഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്ത് അക്കൗണ്ട് തുടങ്ങി, ബില്ലുകൾ തിരഞ്ഞെടുത്ത് ഓൺലൈനായി പണം അടയ്ക്കുന്നതിനുള്ള നൂതന സംവിധാനം ആർ.എ.പി.ഡി.ആർ.പി പദ്ധതിയുടെ ഭാഗമായി ഇപ്പോൾ നടപ്പിലാക്കി വരുകയാണ്. |
| (ബി) എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത സംവിധാനം വഴി ഉപഭോക്താക്കൾക്ക ലഭിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ; | (ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ഔദ്യോഗിക വെബ്സൈറ്റായ www.kseb.in മുഖേന പ്രമുഖ ബാങ്കുകൾ വഴി നെറ്റ്ബാങ്കിങ്ങിലൂടെയും, വിസാ/മാസ്റ്റർ കാർഡ് തുടങ്ങിയ ഡെബിറ്റ് / ക്രെഡിറ്റ് കാർഡുകൾ മുഖേനയും ഇന്റർനെറ്റ് വഴി ഓൺലൈനായി വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുള്ള സൗകര്യമാണ് ഈ സംവിധാനം വഴി ഉപഭോക്താക്കൾക്ക് ലഭിക്കുന്നത്. പണമടച്ചതിന്റെ വിശദാംശങ്ങൾ തത്സമയം തന്നെ ഉപഭോക്താക്കൾ നൽകിയ മൊബൈൽ നമ്പരിലോ, ഇ-മെയിൽ വിലാസത്തിലോ ലഭിക്കുന്നതിനുള്ള സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്. ആർ.എ.പി. |

| | |
|---|---|
| | ഡി.ആർ.പി പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്ന ഓൺലൈൻ സംവിധാനത്തിൽ ഉപഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്യുന്നതിനും, രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ കൺസ്യൂമർ നമ്പരിലേയ്ക്കും പണം അടയ്ക്കാനുള്ള ബില്ലുകൾ തിരഞ്ഞെടുത്ത് അവ ഓൺലൈനായി അടയ്ക്കുന്നതിനും കഴിയും. കൂടാതെ, ഈ സംവിധാനത്തിൽ മുൻ കാലങ്ങളിലുള്ള വൈദ്യുതി ബില്ലുകളുടെ വിശദാംശങ്ങൾ പണമടച്ചതിന്റെ വിവരങ്ങൾ, വൈദ്യുതി ഉപഭോഗം സംബന്ധിച്ച വിശദാംശങ്ങൾ എന്നിവയും അറിയാൻ കഴിയും. |
| (സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ; | (സി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് വേണ്ടി ടെക്ക് പ്രോസസ്സ് എന്ന സ്ഥാപനമാണ് നെറ്റ് ബാങ്കിംഗ് മുഖേനയും ക്രെഡിറ്റ് -ഡെബിറ്റ് കാർഡുകൾ വഴിയും വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനു വേണ്ടിയുള്ള പേയ്മെന്റ് ഗേറ്റ് വേ സൗകര്യം ലഭ്യമാക്കിയിട്ടുള്ളത്. മേൽപ്പറഞ്ഞ സംവിധാനത്തിൽ കൂടി സംസ്ഥാനത്തെ പ്രമുഖ ബാങ്കുകൾ വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനത്തിൽ സഹകരിക്കുന്നു. കൂടാതെ സൗത്ത് ഇൗന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക്, കാനറ ബാങ്ക് എന്നീ ബാങ്കുകൾ മുഖേന ഡയറക്ട് നെറ്റ് ബാങ്കിംഗ് സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്. ഡയറക്ട് നെറ്റ് ബാങ്കിംഗ് വഴി ഓൺലൈനായി പണമടയ്ക്കുന്ന വൈദ്യുതി ഉപഭോക്താക്കൾക്ക് സർവീസ് ചാർജ്ജ് നൽകാതെ തന്നെ വൈദ്യുതി ബിൽ തുക അടയ്ക്കാൻ കഴിയും. ഈ സംവിധാനം കൂടുതൽ ബാങ്കുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തു വരികയാണ്. |
| (ഡി) പ്രസ്തുത സംവിധാനം നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | (ഡി) വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്ന സംവിധാനം നടപ്പാക്കുന്നതിന്റെ ഭാഗമായി, ഉപഭോക്താക്കൾക്ക് സംശയ നിവാരണത്തിനും പരാതികൾ പരിഹരിക്കുന്നതിനും ഉള്ള സേവനം, ആർ.എ.പി.ഡി.ആർ.പി പദ്ധതിയുടെ ഭാഗമായി വൈദ്യുതി ബോർഡ് ആരംഭിച്ചിട്ടുള്ള 24 മണിക്കൂറും പ്രവർത്തിക്കുന്ന കസ്റ്റമർ കെയർ സെന്റർ വഴി നൽകി വരുന്നു. 1912 എന്ന ടെലഫോൺ നമ്പർ വഴിയും |

| | |
|---|---|
| | ഇ-മെയിൽ വഴിയും ഈ വിഭാഗവുമായി ബന്ധപ്പെടാൻ കഴിയും. വൈദ്യുതി ബോർഡിലെ ബില്ലിംഗിനായി ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറിൽ വേണ്ട മാറ്റങ്ങൾ വരുത്തി എല്ലാ സെക്ഷൻ ഓഫീസുകളിലും വിന്യസിച്ചിട്ടുണ്ട്. വൈദ്യുതി ബോർഡിലെ എല്ലാ ഡിവിഷൻ ഓഫീസുകളും (66) കേന്ദ്രീകരിച്ച് മീറ്റിംഗുകൾ വിളിച്ചു കൂട്ടുകയും ഓൺലൈൻ സംവിധാനവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ജീവനക്കാർക്ക് ഈ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നതിനു വേണ്ടി ചെയ്യേണ്ട കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ